**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:2362** **07/10/2016 ൽ മറുപടിക്ക്**

## കൃഷി ഭവനിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

| ചോദ്യം<br>ശ്രീ.എ.എൻ. ഷംസീർ: | മറുപടി<br>ശ്രീ.വി. എസ്. സുനിൽകുമാർ<br>(കൃഷിവകുപ്പ് മന്ത്രി) |
|---|---|
| എ) കണ്ണൂർ ജില്ലയിലെ എത്ര കൃഷി ഭവനുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഇവ ഏതെല്ലാമെന്നും ഇവയിൽ എപ്പോൾ നിയമനം നടത്തുമെന്നും വ്യക്തമാക്കുമോ ; | (എ) കണ്ണൂർ ജില്ലയിലെ 23 കൃഷി ഭവനുകളിൽ കൃഷി ഓഫീസർ തസ്തിക ഒഴിഞ്ഞ് കിടക്കുന്നുണ്ട്. അവ ചുവടെ ചേർക്കുന്നു.<br><br>കൊട്ടിയൂർ, ആലക്കോട്, ആറളം, പായം, കോളയാട്, ചെമ്പലോട്, കീഴല്ലൂർ, മട്ടന്നൂർ, ചപ്പാരപ്പടവ്, ഉളിക്കൽ, കുറ്റ്യാട്ടൂർ, നടുവിൽ, എരമം-കുറ്റൂർ, മലപ്പട്ടം, മയ്യിൽ, കൂടാളി, വേങ്ങാട്, കൂത്തുപറമ്പ്, കതിരൂർ, ചൊക്ലി, പെരളശ്ശേരി, പള്ളിക്കുന്ന്, പാപ്പിനിശ്ശേരി.<br>പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. പി.എസ്.സി. റാങ്ക് ലിസ്റ്റ് അടിയന്തിരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന എത്ര കൃഷി ഭവനുകൾ കണ്ണൂർ ജില്ലയിലുണ്ടെന്നും ഇവയിൽ എപ്പോൾ നിയമനം നടത്തുമെന്നും വിശദമാക്കുമോ? | (ബി) പെരിങ്ങളം, മട്ടന്നൂർ, എരഞ്ഞോളി, കൊട്ടിയൂർ എന്നീ കൃഷി ഭവനുകളിലായി കൃഷി അസിസ്റ്റന്റുമാരുടെ 4 ഒഴിവുകൾ നിലവിലുണ്ട്. പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ